**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3691** **30/01/2014 -ൽ മറുപടിക്ക്**

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വകുപ്പ് എന്നു മുതലാണ് പ്രത്യേക വിഭാഗമായി പ്രവർത്തിച്ചു തുടങ്ങിയത്; പ്രസ്തുത വകുപ്പ് ഇപ്പോൾ സുവർണ്ണ ജൂബിലി ഘട്ടത്തിലാണോ; വിശദാംശം ലഭ്യമാക്കുമോ; | എ) 1964 ഡിസംബർ 21-ന് ആണ് ഒരു സ്വതന്ത്ര വകുപ്പായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തനം ആരംഭിച്ചത്. 2013 ഡിസംബർ 21-ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സുവർണ്ണ ജൂബിലി വർഷത്തിലേയ്ക്ക് പ്രവേശിച്ചു. പൊതുജന പങ്കാളിത്തത്തോടെ അഴിമതിക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സുവർണ്ണ ജൂബിലി വർഷം സമഗ്ര അഴിമതി വിരുദ്ധ ബോധവൽക്കരണ വർഷമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) നിലവിൽ വിജിലൻസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം എത്ര ; ഇതിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; വിശദമാക്കുമോ; | ബി) 1964-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തനം ആരംഭിച്ചതിന് ശേഷം നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ 50 വർഷ കാലയളവിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ ശേഖരിക്കുക എന്നത് ശ്രമകരമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ മൊത്തം 345 കേസുകൾ അന്വേഷണത്തിനായി കോടതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) എത്ര പോലീസ് ഉദ്യോഗസ്ഥർ വിജിലൻസ് കേസ്സുകളിൽ പ്രതികളായിട്ടുണ്ട്; അവർ ആരെല്ലാമെന്ന് പദവി ഉൾപ്പെടെ വ്യക്തമാക്കുമോ; | സി) ഈ സർക്കാർ അധികാരമേറ്റശേഷം 16 പോലീസ് ഉദ്യോഗസ്ഥർ വിജിലൻസ് കേസിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്. അവരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1)ശ്രീ. എ.ജെ. ബാബു- സർക്കിൾ ഇൻസ്പെക്ടർ<br>2)ശ്രീ. അനൂപ്.സി.നായർ- സബ് ഇൻസ്പെക്ടർ<br>3)ശ്രീ. വർഗീസ് കുരുവിള- എസ്. സി.പി.ഒ.<br>4)ശ്രീ. എം.വി. ജോയ്- എ.എസ്.ഐ<br>5)ശ്രീ.സെബാസ്റ്റ്യൻ.കെ.ഡി.- ഗ്രേഡ് എ.എസ്.ഐ<br>6)ശ്രീ.ബാബു- എസ്. സി.പി.ഒ.<br>7)ശ്രീ.കെ.എസ്.സുദർശൻ- സബ് ഇൻസ്പെക്ടർ<br>8)ശ്രീ.പി.എസ്.മുഹമ്മദ് അഷറഫ്- സബ് ഇൻസ്പെക്ടർ |

9)ശ്രീ.റ്റി.എ.അബ്ദുൽസത്താർ- സബ് ഇൻസ്പെക്ടർ
10)ശ്രീ.കെ.ആർ.വേണുഗോപാൽ-സബ് ഇൻസ്പെക്ടർ
11)ശ്രീ.എസ്.നവാസ്- എസ്. സി.പി.ഒ.
12)ശ്രീ.ആർ.വിക്രമൻ- എ.എസ്.ഐ
13)ശ്രീ.രാമചന്ദ്രൻ- എ.എസ്.ഐ
14)ശ്രീ.സി.രാജപ്പൻ- മുൻ സ്റ്റേഷൻ ഹൗസ് ഓഫീസർ
15)ശ്രീ.കെ.കെ.പി.ലക്ഷ്മണൻ- മുൻ സബ് ഇൻസ്പെക്ടർ
16)ശ്രീ.പി.സോമൻ- സബ് ഇൻസ്പെക്ടർ

| | | | |
|---|---|---|---|
| ഡി) | പ്രതിവർഷം ശരാശരി എത്ര വിജിലൻസ് കേസ്സുകളിൽ നടപടികൾ പൂർത്തിയാക്കാനാകുന്നു; പ്രതിവർഷം ശരാശരി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നു; വ്യത്യാസം വ്യക്തമാക്കുമോ ; | ഡി) | 2012-2013 വർഷത്തെ കണക്കുകൾ അനുസരിച്ച് ശരാശരി 214 കേസുകൾ വർഷാവർഷം തീർപ്പാക്കുന്നു. ശരാശരി 170-ഓളം കേസുകൾ പ്രതിവർഷം രജിസ്റ്റർ ചെയ്യുന്നുണ്ട്. |
| ഇ) | എത്ര സംസ്ഥാന മന്ത്രിമാർ വിജിലൻസ് അന്വേഷണം നേരിടുന്നു; അവർ ആരെല്ലാം; | ഇ) | നിലവിൽ വിജിലൻസ് അന്വേഷണ ഘട്ടത്തിലുള്ള കേസുകളിൽ രണ്ട് മന്ത്രിമാർ ഉൾപ്പെട്ടിട്ടുണ്ട്. അവരുടെ പേരു വിവരം താഴെ കാണിക്കുന്നു.<br>1) ശ്രീ. അടൂർ പ്രകാശ് - റവന്യൂ വകുപ്പ് മന്ത്രി<br>2) ശ്രീ. പി.ജെ. ജോസഫ് - ജല വിഭവ വകുപ്പ് മന്ത്രി. |
| എഫ്) | വിജിലൻസ് വകുപ്പിന് നിയമപരമായ അടിത്തറയില്ലാത്തതിനാൽ വിജിലൻസ് ഉദ്യോഗസ്ഥരുടെ അന്വേഷണം ഫലപ്രദമാകാത്തത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | എഫ്) & ജി) | വിജിലൻസ് വകുപ്പിന് നിയമപരമായ അടിത്തറയുണ്ട്. നിയമങ്ങളുടെ ശക്തമായ പിൻബലവും വിജിലൻസ് കേസുകൾക്ക് കോടതി മേൽനോട്ടവുമുള്ളതാണ്. ഉദ്യോഗസ്ഥരുടെ അന്വേഷണം ഫലപ്രദമാണ്. |
| ജി) | എങ്കിൽ വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം ഫലവത്താക്കാൻ അടിയന്തിര നിയമ നിർമ്മാണത്തിനും എല്ലാ ജില്ലകളിലും വിജിലൻസ് ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ